# നീര ടാപ്പിങ്: ചെക്ക് വിതരണം ചെയ്തു

എടവണ്ണപ്പാറ: നാളികേര വികസന ബോർഡിന്റെ കിഴിലുള്ള മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നീര പദ്ധതിയിലൂടെ നാളികേര കർഷകർക്ക് വരുമാനം കൂടുന്നു. ചീക്കോട് ഫെഡറേഷന്റെ കിഴിലുള്ള ചെറിയാപറമ്പ് നാളികേര ഉൽപാദക സംഘത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് ചെറിയാപറമ്പ് നടന്ന ചടങ്ങിൽ കെ.മുഹമ്മദുണ്ണി ഹാജി എം.എൽ.എ. ചെക്ക് വിതരണം ചെയ്തു. മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ നാസർ പൊന്നാട് അധ്യക്ഷത വഹിച്ചു. സി.അവറാൻകുട്ടി, കെ.സി.ഗഫൂർ ഹാജി, ഇസ്സത്ത് അസ്സ്, കെ.പി.സി. മുഹമ്മദ്, വിരാൻഹാജി ഓമാനൂർ,എം.പി.മുഹമ്മദ് പ്രസംഗിച്ചു.